# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.10.2025**

### പ്രധാനവാർത്തകൾ

1. മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ അർഹമായ സഹായം അനുവദിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

2. ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം നേടിയ നടൻ മോഹൻലാലിന് സംസ്ഥാന സർക്കാരിൻറെ ആദരം. മലയാളത്തിന്റെ ഇതിഹാസമാണ് മോഹൻലാലെന്ന് മുഖ്യമന്ത്രി.

3. സംസ്ഥാനത്ത് അഞ്ച് പുതിയ ദേശീയപാതകൾ കൂടി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്.

4. ചുമയ്ക്കുള്ള കോൾഡ്രിഫ് സിറപ്പിന്റെ വിൽപന സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിർത്തിവയ്പ്പിച്ചതായി മന്ത്രി വീണാ ജോർജ്.

5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

6. അഹമ്മദാബാദ് ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റ് ഇൻഡിസിനെതിരെ ഇന്ത്യക്ക് മികച്ച വിജയം.

*************************

RNU TVPM

## പ്രധാനമന്ത്രി - യുവജന സംരംഭങ്ങൾ

ഇന്ത്യ, അറിവിന്റെയും വൈദഗ്ദ്ധ്യത്തിന്റെയും കേന്ദ്രമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. നൈപുണ്യവികസനം രാഷ്ട്രനിർമാണത്തിൽ നിർണായക പങ്ക് വഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസം, വൈദഗ്ദ്ധ്യം, സംരംഭകത്വം എന്നിവയ്ക്ക് ഊന്നൽ നൽകി, 62,000 കോടിയിലധികം രൂപയുടെ യുവജന കേന്ദ്രീകൃത സംരംഭങ്ങൾ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. യുവാക്കളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ടുള്ള പി.എം-സേതു പദ്ധതിക്കും അദ്ദേഹം തുടക്കം കുറിച്ചു.

*************************

## മലയാളം വാനോളം - ലാൽസലാം (ഇൻട്രോ)

മോഹൻലാലിന് ലഭിച്ച ദാദാസാഹിബ് പുരസ്കാരം മലയാളസിനിമയ്ക്കുള്ള അംഗീകാരമെന്നും മലയാളത്തിന്റെ ഇതിഹാസമാണ് മോഹൻലാലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ ചലച്ചിത്ര താരം മോഹൻലാലിനെ ആദരിക്കുന്നതിനായി സംസ്ഥാന സർക്കാർ സംഘടിപ്പിച്ച മലയാളം വാനോളം - ലാൽസലാം പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രീയ ചലച്ചിത്ര മേഖലയിലെ നിരവധി പ്രമുഖർ പങ്കെടുക്കുന്നു. സർക്കാരിനുവേണ്ടി കവി പ്രഭാവർമ്മ എഴുതിയ പ്രശസ്തിപത്രം മുഖ്യമന്ത്രി പിണറായി വിജയൻ മോഹൻലാലിന് സമർപ്പിച്ചു. തനിക്ക് ലഭിച്ച ഫാൽക്കേ പുരസ്കാരം കേരളത്തിന് സമർപ്പിക്കുന്നുവെന്നും മലയാള ഭാഷയെയും സംസ്കാരത്തെയും

RNUTVPM

നമസ്കരിക്കുന്നുവെന്നും മറുപടി പ്രസംഗത്തിൽ മോഹൻലാൽ പറഞ്ഞു.

***************************

## കേന്ദ്ര സഹായം - മുഖ്യമന്ത്രി

മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ അർഹമായ സഹായം അനുവദിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. മാനദണ്ഡങ്ങൾ പ്രകാരം, 2221.03 കോടി രൂപ പുനർനിർമ്മാണ സഹായം ആവശ്യപ്പെട്ടതിന്മേൽ 260.56 കോടി രൂപ മാത്രമാണ്, കഴിഞ്ഞ ദിവസം അനുവദിച്ചതെന്നും ഇത് ആവശ്യത്തിൻ്റെ എട്ടിലൊന്നു പോലുമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. മുണ്ടക്കൈ-ചൂരൽമല ദുരന്തം, അതി തീവ്രദുരന്തം ആയി പ്രഖ്യാപിക്കുവാൻ പോലും അഞ്ചുമാസം സമയം എടുത്തുവെന്നും, ഇത് മൂലം അന്താരാഷ്ട്ര സഹായ സാധ്യതകൾ ഇല്ലാതാക്കിഎന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

RNU TVPM

***************************

## മന്ത്രി പി എ മുഹമ്മദ് റിയാസ്- ദേശീയപാത

സംസ്ഥാനത്ത് അഞ്ച് പുതിയ ദേശീയപാതകൾ കൂടി വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുവെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. രാമനാട്ടുകര - കോഴിക്കോട് എയർപോർട്ട് റോഡ്, കണ്ണൂർ വിമാനത്താവള റോഡ് , കൊടുങ്ങല്ലൂർ - അങ്കമാലി , വൈപ്പിൻ - മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് റോഡ് എന്നിവ ദേശീയപാതാ നിലവാരത്തിലേക്ക് ഉയർത്താനും കൊച്ചി - മധുര ദേശീയപാതയിൽ കോതമംഗലം, മൂവാറ്റുപുഴ ബൈപാസ് നിർമാണത്തിനുമുള്ള പദ്ധതിരേഖയാണ് തയ്യാറാക്കുക. ദേശീയപാത വികസന പദ്ധതികൾ

സാധ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ പിന്തുണ ഉണ്ടാകുമെന്നും ശ്രി മുഹമ്മദ് റിയാസ് സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു.

************************

## കേന്ദ്രം - കഫ് സിറപ്പുകൾ

രണ്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചുമയ്ക്കും ജലദോഷത്തിനുമുള്ള മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ നൽകരുതെന്ന മാർഗനിർദേശം പുറത്തിറക്കി, കേന്ദ്ര ആരോഗ്യ മന്ത്രാലയം. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക്, കൃത്യമായ പരിശോധനകൾക്കു ശേഷം, കടുത്ത മേൽനോട്ടത്തിലായിരിക്കണം മരുന്നുകൾ നൽകേണ്ടതെന്നും നിർദ്ദേശമുണ്ട്. ഇതുസംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ആരോഗ്യ വകുപ്പ് ഡയറക്ടർമാർക്ക് മന്ത്രാലയം കത്ത് നൽകി.

************************

RNU TVPM

## വിൽപന നിർത്തിവച്ചു

ചുമയ്ക്കുള്ള കോൾഡ്രിഫ് സിറപ്പിന്റെ വിൽപന സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിർത്തിവയ്പ്പിച്ചതായി മന്ത്രി വീണാ ജോർജ്. പ്രശ്നം കണ്ടെത്തിയ കോൾഡ്രിഫ് സിറപ്പിന്റെ എസ്.ആർ 13 ബാച്ച് മരുന്നിന്റെ വിൽപ്പന കേരളത്തിൽ നടത്തിയിട്ടില്ലെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. എങ്കിലും സുരക്ഷയെ കരുതിയാണ് കോൾഡ്രിഫ് മരുന്നിന്റെ വിതരണവും വിൽപ്പനയും പൂർണമായും നിർത്തിവയ്ക്കാൻ ഡ്രഗ്സ് കൺട്രോളർ, ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് നിർദേശം നൽകിയത്. കേരളത്തിൽ ചുമ മരുന്നുകൾ നിർമ്മിക്കുന്ന 5

കമ്പനികളുടെ മരുന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

***********************

## സമഗ്ര അന്വേഷണം - ശബരിമല

ശബരിമല സ്വർണ്ണപ്പാളിയുമായി ബന്ധപ്പെട്ട വിവാദത്തിൽ സമഗ്ര അന്വേഷണം വേണമെന്ന് ഹൈക്കോടതിയോട് ആവശ്യപ്പെടുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്. സ്വർണ്ണം പൂശിയ പാളികൾ അറ്റകുറ്റ പണികൾക്കായി ചെന്നൈയിലേക്ക് കൊണ്ടുപോയത് എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടാണെന്നും ദേവസ്വം ബോർഡ് വ്യക്തമാക്കി. അതേസമയം വ്യവസായി വിജയ് മല്യ നൽകിയ 30 കിലോ സ്വർണത്തിൽ എത്ര ബാക്കിയുണ്ടെന്ന് സർക്കാരും ദേവസ്വം ബോർഡും മറുപടി പറയണമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ ആവശ്യപ്പെട്ടു. സംഭവത്തിൽ അന്വേഷണം വേണമെന്നും അല്ലാത്തപക്ഷം യുഡിഎഫ് ശക്തമായ പ്രക്ഷോഭത്തിലേക്ക് പോകുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇത്തരം കുറ്റകൃത്യങ്ങൾ കൃത്യമായി അന്വേഷിക്കേണ്ടത് സ്വതന്ത്രാധികാരമുള്ള ഏജൻസികളാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

RNU TVPM

***********************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***********************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

************************

## അമൃത് പദ്ധതി-കണ്ണൂർ (ഇൻട്രോ)

കേന്ദ്ര സർക്കാരിൻറെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ കോർപറേഷൻ നിർമ്മിച്ച മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനം പ്രവർത്തന സജ്ജമായി. ഈ മാസം 20 -ന് മുമ്പ് ഇത് ജനങ്ങൾക്കായി തുറന്നുനല്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ**
**പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

RNUTVPM

************************

## തിരുവോണം ബമ്പർ ഭാഗ്യക്കുറി

തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് നടന്നു. ഒന്നാം സമ്മാനം പാലക്കാട് വിറ്റ TH 577825 എന്ന നമ്പരിന് ലഭിച്ചു. തിരുവനന്തപുരത്ത് നടന്ന പ്രത്യേക ചടങ്ങിൽ ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാലാണ് നറുക്കെടുപ്പ് ഉദ്ഘാടനം ചെയ്യത്. 25 കോടി രൂപയാണ് ഒന്നാം സമ്മാനത്തിൻറെ തുക.

************************

## മത്സ്യാരണ്യകം പദ്ധതി-ഇടുക്കി (ഇൻട്രോ)

ഇടുക്കി ജലാശയത്തോടനുബന്ധിച്ച് വനം വകുപ്പ് നടപ്പാക്കുന്ന മത്സ്യാരണ്യകം പദ്ധതി ശ്രദ്ധേയമാകുന്നു. ശുദ്ധജല മത്സ്യത്തിൻ്റെ ലഭ്യത ഉറപ്പാക്കുന്ന പദ്ധതി ആരംഭിച്ച് അഞ്ചു വർഷമായപ്പോഴേക്കും ലഭിച്ചത് 80 ലക്ഷം രൂപക്ക് മുകളിൽ വരുമാനം. വർഷത്തിൽ കുറഞ്ഞത് 15 ലക്ഷം രൂപ മത്സ്യം വിറ്റു മാത്രം ഇവർക്ക് ലഭിക്കുന്നുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......**

(വോയ്സ്)

*************************

RNUTVPM

## ക്രിക്കറ്റ്

അഹമ്മദാബാദ് ക്രിക്കറ്റ് ടെസ്റ്റിൽ വെസ്റ്റ് ഇൻഡിസിനെതിരെ ഇന്ത്യക്ക് വൻ വിജയം. ഇന്നിംഗ്സിനും 140 റൺസിനുമാണ് ഇന്ത്യ വെസ്റ്റ് ഇൻഡീസിനെ പരാജയപ്പെടുത്തിയത്. ഇന്ത്യ ഉയർത്തിയ 286 റൺസിന്റെ ആദ്യ ഇന്നിംഗ്സ് ലീഡ് പിന്തുടർന്ന വെസ്റ്റ് ഇൻഡീസിൻറെ രണ്ടാം ഇന്നിംഗ്സ് 146 റൺസിന് അവസാനിക്കുകയായിരുന്നു. ആദ്യ ഇന്നിംഗ്സിൽ വെസ്റ്റ് ഇൻഡീസിനെ 162 റൺസിന് പുറത്താക്കിയ ഇന്ത്യ 5 വിക്കറ്റിന് 448 റൺസിന് ഒന്നാം ഇന്നിംഗ്സ് ഡിക്ലയർ ചെയ്തു. രവീന്ദ്ര ജഡേജയാണ് പ്ലേയർ ഓഫ് ദ മാച്ച്. രണ്ട് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 1-0 ന് മുന്നിലെത്തി.

*************************

## കാലാവസ്ഥ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെയും മറ്റന്നാളും മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്.

***********************

## അരുവിക്കര ഷട്ടറുകൾ

തിരുവനന്തപുരം അരുവിക്കര ഡാമിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ അഞ്ചു ഷട്ടറുകൾ 10 സെന്റീമീറ്റർ വീതം ഉയർത്തി. ഡാമിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

*******************************************************************************************

RNU TVPM